പ്രസ്സ് റിലീസ് ജൂൺ 13, 2013

## പകർച്ചപ്പനി പ്രതിരോധ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ കൂടുതൽ ശക്തമാക്കും : മന്ത്രി വി. എസ്. ശിവകുമാർ

തിരുവനന്തപുരം:- ജനപങ്കാളിത്തത്തോടെ പകർച്ചപ്പനി പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കുന്നതിനുള്ള ഊർജ്ജിത കർമ്മ പരിപാടികൾ നടപ്പാക്കുന്നതിന് കഴിഞ്ഞ മന്ത്രിസഭാ യോഗം തീരുമാനമെടുത്തതായി മന്ത്രി വി. എസ്. ശിവകുമാർ അറിയിച്ചു. ഇതിന്റെ ഭാഗമായി ഈ മാസം 16,23,30 തീയതികളിൽ ഡ്രൈ ഡേ ആചരിക്കും. വീടുകളിൽ ഞായറാഴ്ചയും മറ്റു സർക്കാർ സ്വകാര്യ സ്ഥാപങ്ങളിൽ വെള്ളിയാഴ്ചയുമായിരിക്കും ഡ്രൈ ഡേ ആചരിക്കുക. ഇതിന്റെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഞായറാഴ്ച കോട്ടയത്ത് നിർവഹിക്കും. വിദ്യാർത്ഥികളെകൂടി ഈ യജ്ഞത്തിന്റെ ഭാഗമാക്കുന്നതിനായി സ്കൂളുകളിൽ തിങ്കളാഴ്ച ഡ്രൈ ഡേ ആചരിക്കും. മന്ത്രിമാർ മുതൽ വാർഡ് മെമ്പർമാർവരെ ഡ്രൈ ഡേയിൽ പങ്കാളികളാകും. ജില്ലയിലെ ചുമതലയുള്ള മന്ത്രിമാർ അതാതു ജില്ലകളിലും എം.എൽ.എ മാർ അതാതു നിയോജകമണ്ഡലങ്ങളിലും കൊതുക് ഉറവിട നശീകരണ പ്രവർത്തനങ്ങളിൽ നേരിട്ട് പങ്കെടുത്ത് നേതൃത്വം നൽകും. തൊഴിലുറപ്പ് പദ്ധതിയുടെ ചൊവ്വാഴ്ച ദിവസം ശുചീകരണ പ്രവർത്തനങ്ങൾക്ക് മൂന്ന് ആഴ്ചത്തേയ്ക്ക് നീക്കിവയ്ക്കും. പ്രതിരോധ പ്രവർത്തനങ്ങളെ നിരീക്ഷിക്കുവാനായി ജില്ലാതലത്തിൽ ഡെപ്യൂട്ടി ഡി.എം.ഒ യുടെ നേതൃത്വത്തിൽ സ്ക്വാഡ് രൂപീകരിച്ചു. ടെക്നിക്കൽ അസിസ്റ്റന്റ്, ബൈയോളജിസ്റ്റ്, മലേറിയ ഓഫീസർ എന്നിവർ അടങ്ങുന്ന സ്ക്വാഡ് രൂപീകരിച്ചതായും മന്ത്രി അറിയിച്ചു. ഈ സ്ക്വാഡ് എല്ലാ ദിവസവും ഫീൽഡ് സന്ദർശിച്ച് കൊതുകിന്റെ സാന്ദ്രത, രോഗസംക്രമണ നില, പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ വിലയിരുത്തിയ ശേഷം ഫീൽഡ് ജിവനക്കാരുടെ പ്രവർത്തനത്തിൽ വരുത്തേണ്ടമാറ്റങ്ങൾ നടപ്പിലാക്കും. പ്രവർത്തനത്തിൽ വീഴ്ചവരുത്തുന്നവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കും. ഡി.എം.ഒ.മാർ ജില്ലയിൽ ഇത് നിരീക്ഷിക്കും. ഓരോദിവസവും സ്ക്വാഡിന്റെ റിപ്പോർട്ട് അഡി. ഡി.എച്ച്.എസ് (ഡി.എച്ച്) നും സംസ്ഥാനതല എപ്പിഡെമിക് മാനേജ്മെന്റ് സെല്ലിനും നല്കും. സംസ്ഥാനതലത്തിൽ ഇത് വിലയിരുത്തി ഏതെങ്കിലും നിർദ്ദേശങ്ങളുണ്ടെങ്കിൽ അവയുൾപ്പെടെ ഡി.എച്ച്.എസിന്റെയും ഗവൺമെന്റിന്റെയും ശ്രദ്ധയിലെത്തിച്ച് വിലയിരുത്തുന്നതിനും ഈ സെല്ലിന്റെ ചുമതലയാണ്. സംസ്ഥാനതലത്തിൽ നിന്നുള്ള നിർദ്ദേശങ്ങൾ ജില്ലയിലേക്ക് കൈമാറുന്നതാണ്. അത് നടപ്പിലാക്കുന്നു എന്നുറപ്പു വരുത്തേണ്ടത് ജില്ലാതല സ്ക്വാഡിന്റെയും ഡി.എം.ഒയും അത് നടപ്പിലാക്കുന്നു എന്നുറപ്പു വരുത്തും. സംസ്ഥാനതലത്തിൽ ജില്ലയുടെ ചാർജ്ജ് ഉള്ള ഓഫീസർമാർ ഈ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുമെന്നും മന്ത്രി അറിയിച്ചു.

P. V. Ratheesh
(9995524658)